# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.904 — 30.01.2019 ലെ മറുപടി

## കോതമംഗലം മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ:**

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) കോതമംഗലം മണ്ഡലത്തിൽ പെരിയാറിനോട് ചേർന്ന് കിടക്കുന്ന കവളങ്ങാട്, പല്ലാരിമംഗലം, വാരപ്പെട്ടി പഞ്ചായത്തുകളിലേയും കോതമംഗലം മുൻസിപ്പാലിറ്റിയിലേയും വിവിധ പ്രദേശങ്ങളിൽ വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ള ക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് എം.എൽ.എ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(സി) വിവിധ പഞ്ചായത്തുകളിലേയും മുൻസിപ്പാലിറ്റിയിലേയും കർഷകർക്കും സാധാരണക്കാർക്കും വലിയ പ്രയോജനം ലഭിക്കുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എ)യും (ബി)യും (സി)യും (ഡി)യും

2 പുഴകൾ തമ്മിൽ ബന്ധിപ്പിക്കുന്നതാകയാൽ വിശദമായ സാങ്കേതിക പഠനവും പാരിസ്ഥിതിക പഠനവും നടത്തിയതിനു ശേഷമേ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളു. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ ഡി.പി.ആർ നല്കുവാനും തയ്യാറാക്കുവാനും എൺവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് (EIA) പഠനത്തിന് ചീഫ് എഞ്ചിനീയർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സെക്ഷൻ ഓഫീസർ